# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1232** — 02.05.2017 ലെ മറുപടിക്ക്

## പത്മനാഭ സ്വാമി ക്ഷേത്രത്തിനു ചുറ്റുമുള്ള അനധികൃത നിർമ്മാണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരിയിൽ കോട്ടയോട് ചേർന്നും പത്മനാഭ സ്വാമി ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രദേശത്തും അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കം ചെയ്യുന്നതിന്റെ ഭാഗമായി കെട്ടിട ഉടമകളെ ഹിയറിംഗ് നടത്തി വരുന്നു. |
| (ബി) നിയമ ലംഘനത്തിന് എത്ര സ്ഥാപന ങ്ങൾക്കും വ്യക്തികൾക്കും നോട്ടീസ് നൽകിയിട്ടുണ്ട്; | (ബി) നിയമ ലംഘനത്തിന് താഴെപ്പറയുന്ന രണ്ട് സർക്കാർ കെട്ടിടങ്ങൾക്കും, മൂന്ന് വ്യക്തി കൾക്കും നോട്ടീസ് നൽകിയിട്ടുള്ളതാണ്.<br>1. Treasury Building<br>2. Technical Directorate Building<br>3. Karimpanel Arcade Building<br>4. Maha Chips Building<br>5. Atlas Jewellary Building |
| (സി) പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയ എത്രയെണ്ണത്തിന് ഇനിയും നോട്ടീസ് നൽകാനുണ്ട്; | (സി) പരിശോധന നടത്തിയ എല്ലാ കെട്ടിട ങ്ങൾക്കും നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| (ഡി) ക്രമക്കേടുകൾ തുടർന്നുണ്ടാകാതിരിക്കാൻ പീരിയോഡിക്കൽ പരിശോധന നടത്താറുണ്ടോ; അത്തരത്തിൽ ഏറ്റവും ഒടുവിൽ സംയുക്ത പരിശോധന നടന്നതെന്നാണ്; ഏതൊക്കെ ഉദ്യോഗസ്ഥർ പങ്കെടുത്തു? | (ഡി) 16.12.2014-ൽ ആണ് അവസാനമായി സംയുക്ത പരിശോധന നടത്തിയത്. നഗരസഭാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയും അസിസ്റ്റന്റ് എഞ്ചിനീയർ, റവന്യൂ ഇൻസ്പെക്ടർ, ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിവർ അംഗ ങ്ങൾ ആയുള്ള സ്ക്വാഡ് ആണ് പരിശോധന നടത്തുന്നത്. തുടർന്നും പരിശോധന നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ